പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3755 11.12.2018-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ബസ് കാരണമുണ്ടാകുന്ന റോഡപകടങ്ങൾ**

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ് കാരണമുണ്ടാകുന്ന റോഡപകടങ്ങൾ കുറയ്ക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | ബസുകൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം നൽകി വരുന്നുണ്ട്. കൂടാതെ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്. കാലാകാലങ്ങളിൽ ഡ്രൈവർമാർക്ക് ആവശ്യമായ പരിശീലനവും തുടർ പരിശീലനവും നടത്തി വരുന്നുണ്ട്. പുതിയതരം ബസ്സുകളും, സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തേണ്ട സാഹചര്യങ്ങളിൽ ഇത് സംബന്ധിച്ച് പ്രത്യേക പരിശീലനവും നൽകാറുണ്ട്. ജീവനക്കാരുടെ ഭാഗത്തു നിന്നുണ്ടാകുന്ന പോരായ്മകളിൽ വകുപ്പുതല അന്വേഷണം നടത്തി അത്തരം ജീവനക്കാർക്ക് കറക്ടീവ് ട്രെയിനിംഗ് നൽകുന്നതിന് വേണ്ട നടപടികളും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.<br>ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർമാരെ നിശ്ചിത സമയം ജോലിക്ക് ശേഷം മാറ്റുന്നതിനും (ക്രൂ ചെയ്ഞ്ച് / ഡ്രൈവർ ചെയ്ഞ്ച് സംവിധാനവും) ഡ്രൈവർ കം കണ്ടക്ടർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ഓരോ വർഷവും കെ.എസ്.ആർ.ടി.സി. ബസ് കാരണമുണ്ടായ അപകടങ്ങളുടെ എണ്ണം വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി ബസ് ഉൾപ്പെട്ട അപകടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>2016 മേയ് മാസം മുതൽ 2016 ഡിസംബർ മാസം വരെ 951 എണ്ണവും,2017 ജനുവരി മുതൽ 2017 ഡിസംബർ വരെ 1712 എണ്ണവും, 2018 ജനുവരി മുതൽ 2018 നവംബർ വരെ 1085 എണ്ണവുമാണ്. |

സെക്ഷൻ ഓഫീസർ